സംഘങ്ങൾ, ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, (എൻ.ബി.സി.എഫ്.ഡി.സി.) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, (എൻ.എം.ഡി.എഫ്.സി.)മത്സ്യത്തൊഴിലാളി വികസന ക്ഷേമ സംഘങ്ങളുടെ തനത് ഫണ്ട് എന്നീ സാമ്പത്തിക സ്രോതസ്സുകളുമായി ബന്ധപ്പെട്ട കടങ്ങളിൻന്മേലുള്ള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശ എത്രയും വേഗം സമർപ്പിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരികയാണ്. അതിനുശേഷം അവശേഷിപ്പിക്കുന്ന കടങ്ങളും കടാശ്വാസത്തിനായി പരിഗണിക്കുന്നതാണ്. ഇവ സംബന്ധിച്ച റിപ്പോർട്ടുകൾ കമ്മീഷനിൽനിന്ന് ലഭിച്ചുകഴിഞ്ഞാലുടൻ അവയിന്മേൽ സർക്കാർ തീർപ്പെടുക്കുന്നതാണ്.

മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷന്റെ പ്രവർത്തനം

186 (6104) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനത്തിനായി ഇതുവരെ എത്ര തുക ചെലവഴിച്ചു;

(ബി) കടാശ്വാസ കമ്മീഷൻ ശുപാർശയനുസരിച്ച് മത്സ്യഫെഡ് സർക്കാരിലേക്കു നൽകാനുള്ള കടം എത്രത്തോളം എഴുതിത്തള്ളിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ഭരണപരമായ പ്രവർത്തനത്തിനായി നാളിതുവരെ 1,02,32,355 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) മത്സ്യഫെഡിൽ നിന്നും എൻ.സി.ഡി.സി പദ്ധതി വായ്പകളിന്മേൽ സർക്കാരിലേക്ക് 31-3-2009 വരെ അടയ്ക്കാനുള്ള വായ്പാ കുടിശ്ശിക 101,88,33,110 രൂപയായിരുന്നു. ഇതിൽ 60,37,35,168 രൂപ എഴുതിത്തള്ളുകയും ബാക്കി 41,50,79,942 രൂപ മത്സ്യഫെഡിന്റെ ഓഹരിയായി മാറ്റുകയും ചെയ്തിട്ടുണ്ട്.

പീലിംഗ് തൊഴിലാളികളുടെ ക്ഷേമം

187 (6105) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചുവോ; പ്രധാന നിർദ്ദേശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള പീലിംഗ് തൊഴിലാളികൾ ഉൾപ്പെടെ മത്സ്യ അനുബന്ധ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന താഴെപ്പറയുന്ന ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

മത്സ്യബന്ധന മേഖലയിലെ അനുബന്ധത്തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ :

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി	
(എ) അപകട മരണം	2,00,000 രൂപ
(ബി) ശാശ്വത/പൂർണ്ണ അവശത	2,00,000 രൂപ
(സി) ശാശ്വത/ഭാഗിക അവശത	1,00,000 രൂപ
(ഡി) അപകട മരണമടഞ്ഞ അനുബദ്ധത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം	ഒരു കുട്ടിക്ക് 5000 രൂപ പ്രകാരം പരമാവധി 10000 രൂപ
(ഇ) ശവസംസ്ക്കാര ചടങ്ങിന് ധനസഹായം	പരമാവധി 2000 രൂപ
2. വാർദ്ധക്യകാല പെൻഷൻ പദ്ധതി	250 രൂപ
3. അനുബന്ധത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം	5,000 രൂപ
4. പ്രസവ ശുശ്രൂഷക്ക് ധനസഹായത്തിനുള്ള പദ്ധതി,	750 രൂപ
5. എസ്.എസ്.എൽ.സി. അവാർഡ്	
10 എ+ ലഭിക്കുന്നവർക്ക്	5000 രൂപ
9 എ+ ലഭിക്കുന്നവർക്ക്	4000 രൂപ
8 എ+ ലഭിക്കുന്നവർക്ക്	3000 രൂപ
6. രോഗ ചികിത്സാ ധനസഹായം	പരമാവധി 25000 രൂപ
7. അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം	1500 രൂപ

LIBRARY ARCHIVES Kerala Legislative Assembly

8.	കുടുംബ സംവിധാന പദ്ധതി	500 രൂപ
9.	വനിതാ പീലിംഗ് തൊഴിലാളികൾക്ക് ധനസഹായം ആളൊന്നിന് (കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകൾക്ക്)	2000 രൂപ വീതം
10.	ഉന്നത വിദ്യാഭ്യാസപ്രോത്സാഹനം പ്ലസ് 2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക്	5000 രൂപ
	വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാവിഷയത്തിലും എ+ ലഭിക്കുന്നവർക്ക്	3000 രൂപ

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി സുനാമി ബാധിത മേഖലയായ എറണാകുളം, ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിലെ വനിതാ പീലിംഗ് തൊഴിലാളികൾക്കായി റിവോൾവിംഗ് ഫണ്ട് ഫോർ വർക്കിംഗ് കാപ്പിറ്റൽ ഫോർ പീലിംഗ് വർക്കേഴ്സ് എന്ന പദ്ധതിപ്രകാരം ആളൊന്നിന് 2,000 രൂപ നിരക്കിൽ 13,370 പേർക്ക് 2,67,40,000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

ഫിഷറീസ് വകുപ്പിലെ പുതിയ തസ്തികകൾ

188 (6106) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പിലും അതിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലും പുതുതായി എന്തെങ്കിലും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; ഏതെല്ലാം;

(ബി) നിലവിലുള്ള ഒഴിവുകളിൽ ഏതെല്ലാം തസ്തികകളിൽ പി.എസ്.സി.യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും മുഖാന്തിരം അല്ലാതെ നേരിട്ട് നിയമനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇതിലേക്ക് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഈ നിയമനങ്ങൾ നടത്തുന്നതിനായി സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly